11

സഭ:

# സഭ നാമധേയവിഭാഗമോ?

**നാമം നിർവ്വചിക്കുകയും പഠിക്കുകയും ചെയ്തു ________________**

1. **"നാമധേയവിഭാഗം" എന്നാൽ എന്താണർത്ഥം?**
   a. വിഭജിക്കുന്ന പ്രവൃത്തികൾ, അല്ലെങ്കിൽ നാമകരണം.
   b. ഒരു വിഭാഗം, അല്ലെങ്കിൽ ഒരേ രീതിയിൽ അറിയപ്പെടുന്ന വ്യക്തികളുടെ സമൂഹം; ഭേദം; ക്രിസ്ത്യാനികളുടെ വിഭാഗീയത.
   c. പേരുകൊണ്ടു അല്ലെങ്കിൽ രീതികൊണ്ടു എന്തെങ്കിലും വേർതിരിക്കുക; ഒരു സ്ഥാനപേർ; ഒരു പേർ, പദവി, അല്ലെങ്കിൽ ടൈറ്റിൽ, പ്രത്യേകിച്ചു, ഒരേ തരത്തിലുള്ള വ്യക്തികളെ പൊതുവായ പേരിൽ വേർപെടുത്തുക (*വെബ്സ്റ്റേഴ്സു ഡിക്ഷ്ണറി*).
2. **എപ്പോഴാണ് വിവിധ നാമധേയവിഭാഗങ്ങൾ പേരിൽ - വേർതിരിച്ചത്?**
   **അവർ എപ്പോഴായിരുന്നു സംഘടിച്ചത്?** പുതിയ നിയമകാലം തൊട്ട് അവരുണ്ട്.
3. **നാമധേയ വിഭാഗങ്ങൾ എങ്ങനെ മതപരമായ ലോകത്തെ ഭിന്നിപ്പി ച്ചിരിക്കുന്നു (1 കൊരി. 1:12, 13).**

**നാമധേയ വിഭാഗീയതയുടെ ആരംഭം__________________________**

1. **അതിന്റെ ആരംഭത്തിന്റെ ഒരു ഉറവിടം പറയുക.**
   അനുചിതമായി ചില ഭരണ സംവിധാനത്തിനു രൂപം നല്കുക. ഉദാഹരണമായി: പ്രെസ്ബിറ്റേറിയൻ സഭ, ആ പേരിട്ടിരിക്കുന്നത് *പ്രെസ്ബുട്ടെറോസ്* എന്ന ഗ്രീക്കുവാക്കിൽ നിന്നാണ്, അർത്ഥം, പ്രെസ്ബിറ്റേഴ്സിനാൽ, അല്ലെങ്കിൽ മൂപ്പന്മാരാൽ ഭരിക്കപ്പെടുക എന്നാണ്.
2. **നാമധേയ വിഭാഗീയതയുടെ മറ്റൊരു ഉറവിടം വ്യക്തമാക്കുക.**
   അനുചിതമായി ചില ഉപദേശത്തിനു ഊന്നൽ കൊടുക്കുക.

ഉദാഹരണം: ബാപ്റ്റിസ്റ്റുകാർ, ബാപ്റ്റിസം; വിശുദ്ധി, എന്നിങ്ങനെ വിശുദ്ധിക്കു ഊന്നൽ കൊടുത്തിരിക്കുന്നു; ശബ്ബത്തുകാർ, ശബ്ബത്തു ദിനത്തിനും ക്രിസ്തുവിന്റെ വീണ്ടും വരവിനും ഊന്നൽ കൊടുത്തു പേരിട്ടിരിക്കുന്നു; പെന്തെക്കൊസ്തുകാർ, പെന്തെക്കൊസ്തിലെ പ്രത്യേക സംഭവങ്ങൾക്കു ഊന്നൽ കൊടുത്തു ആ പേരിട്ടിരിക്കുന്നു.

3. **നാമധേയവിഭാഗക്കാരുടെ വേറൊരു ഉറവിടം പറയുക.** പ്രധാനപ്പെട്ട മനുഷ്യർക്കു അനുചിതമായ ബഹുമാനം കൊടുക്കുക. ഉദാഹരണം: ലൂഥറൻ വന്നിരിക്കുന്നതു മാർട്ടിൻ ലൂഥറിൽ നിന്നുമാണ്; വെസ്ലിയന്മാർ, വെസ്ലി എന്ന പേരിൽ നിന്നുവന്നിരിക്കുന്നു; കാൽവിനിസം, വന്നതു ജോൺ കാൽവിൻ എന്ന ആളിൽ നിന്നാണ്.
4. **നാമധേയ വിഭാഗക്കാരുടെ വേറൊരു ഉറവിടം വ്യക്തമാക്കുക.** സ്ഥലം അല്ലെങ്കിൽ പ്രാദേശികത. ഉദാഹരണം: ഉത്തര, ദക്ഷിണ ബാപ്റ്റിസ്റ്റുകാർ; ഉത്തര, ദക്ഷിണ മെത്തേഡിസ്റ്റുകാർ; കമ്പർലാന്റ് പ്രെസ്ബിറ്റേറിയൻസ്; ആംഗ്ലിക്കൻ സഭ.

**പരിഗണിക്കേണ്ട കാര്യങ്ങൾ ________________________________**

1. **കർത്താവിന്റെ സഭയുടെ ഉറവിടം മുകളിൽ പറഞ്ഞ ഏതെങ്കിലും ആയിരുന്നോ?**
   **അപ്പോൾ പുതിയ നിയമ സഭ നാമധേയ വിഭാഗമാണോ?**
2. **ആരാണ് സഭ സ്ഥാപിച്ചത് (മത്താ. 16:18)?**
3. **ആരാണ് സഭയുടെ തല (എഫെ. 1:21, 22; കൊലൊ. 1:18)?**
4. **മനുഷ്യരെ - പിൻപറ്റുന്നവരെ പൗലൊസ് എങ്ങനെ ഖണ്ഡിച്ചു (1 കൊരി. 1:10-13)?**
5. **സഭയെ ഏതു നാമത്തിലാണ് അറിയപ്പെട്ടത് (മത്താ. 16:18; 1 കൊരി. 1:2; 1 തിമൊ. 3:15; കൊലൊ. 1:18; പ്രവൃത്തികൾ 20:28; എബ്രാ. 12:23; റോമ. 16:16)?**
6. **പൗലൊസ് ചിലരെ "പ്രാകൃതർ" എന്നു വിളിച്ചതെന്തുകൊണ്ട് (1 കൊരി. 3:3, 4)?**
   **അത്തരത്തിലുള്ള എല്ലാറ്റിനോടും ഒരു ക്രിസ്ത്യാനിയുടെ മനോഭാവം എന്തായിരിക്കണം (കൊലൊ. 2:21, 22)?**
7. **മനുഷ്യരെ പിൻപറ്റുന്നവരെ യേശു കുറ്റപ്പെടുത്തിയതെങ്ങനെ (മത്തായി 15:9, 13)?**
8. **ഒരാൾ എങ്ങനെ നാമധേയ വിഭാഗക്കാരൻ ആകുന്നു? ഉദാഹരണങ്ങൾ നല്കുക.**

**നാമധേയവിഭാഗത്തെ കുറ്റപ്പെടുത്തിയിരിക്കുന്നു ______________**

1. **ഭിന്നതയുണ്ടാക്കുന്നവരോടു എങ്ങനെ പെരുമാറണം? എന്തുകൊണ്ട് (റോമ. 16:17, 18)?**

**2. പൗലൊസ് ഭിന്നതയെ എന്തായിട്ടാണ് പറഞ്ഞിരിക്കുന്നത് (ഗലാ. 5:19–21)?**

**3. എത്ര പക്ഷങ്ങളായിട്ടായിരുന്നു കൊരിന്ത്യർ ഭിന്നിച്ചിരുന്നത് (1 കൊരി. 1:11, 13)?**
**അവരുടെ അവസ്ഥയെ കുറിച്ചു പൗലൊസ് എന്തു പറഞ്ഞു (1 കൊരി. 3:1–4)?**

**4. വിഭാഗീയ ചിന്താഗതിയെ കുറിച്ചു പുതിയ നിയമം എന്തു പറഞ്ഞിരിക്കുന്നു?**

"സെക്റ്റ്" എന്നതു *ഹെയറെസിസ്* എന്ന ഗ്രീക്കുവാക്കിൽ നിന്നു വന്നതാണ്, അതു ഒമ്പതു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അതു നല്ല അർത്ഥത്തിൽ ഒരിക്കലും ഉപയോഗിച്ചിട്ടില്ല. ഈ വാക്യങ്ങൾ വായിക്കുക: പ്രവൃത്തികൾ 5:17; 15:5; 24:5, 14; 26:5; 28:22; 1 കൊരി. 11:19; ഗലാ. 5:20; 2 പത്രൊ. 2:1.

a. അതു തർജ്ജിമ ചെയ്തിരിക്കുന്നത് "പക്ഷം," "കലഹം," "മതനിന്ദ."
b. പൗലൊസിന്റേതു മതഭേദമെന്നു കുറ്റപ്പെടുത്തിയപ്പോൾ പൗലൊസ് എന്തു പറഞ്ഞു (പ്രവൃത്തികൾ 24:14)?
c. പക്ഷം പിടിച്ചവർ അപ്പൊസ്തലന്മാരോടു എങ്ങനെ പെരുമാറി (പ്രവൃത്തികൾ 5:17, 18, 40)?

© 2009 Truth for Today